**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3953** **11.11.2019-ൽ മറുപടിക്ക്**

**ആയുർവേദ യൂണിവേഴ്സിറ്റി കെട്ടിടനിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **കെ.കെ. ശൈലജ ടീച്ചർ**<br>( ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറയിലെ ആയുർവേദ യൂണിവേഴ്സിറ്റി കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | തൃപ്പൂണിത്തുറയിൽ ആയുർവേദ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ ആരോഗ്യശാസ്ത്രസർകലാശാലയുടെ കീഴിൽ തൃപ്പൂണിത്തുറയിൽ 'സ്കൂൾ ഓഫ് റിസർച്ച് ഇൻ ആയുർവേദ' എന്ന പദ്ധതിയ്ക്കായി 25.68 കോടി രൂപയുടെ ഭരണാനുമതി മൂന്നു ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി ഒൻപതു നില കെട്ടിടമാണ് നിർമ്മിച്ചു വരുന്നത്. നാളിതുവരെ നാലു നിലകളുടെ കോൺക്രീറ്റ് സ്ട്രക്ചറിന്റെയും താഴത്തെ രണ്ടു നിലകളുടെ ഭിത്തി നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണം ആരംഭിച്ച തെന്നെന്നും ഏത് നിർവ്വഹണ ഏജൻസിയാണ് പ്രവൃത്തി നടത്തുന്നതെന്നും ഉൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ അറിയി ക്കാമോ; | (ബി) | 10.10.2017 ൽ കെട്ടിട നിർമ്മാണം ആരംഭിച്ചു. Forest Industries Travancore Limited (FIT) എന്ന സ്ഥാപനത്തെയാണ് നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. |
| (സി) | ഈ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുമോ എന്നും എങ്കിൽ എന്ന് പൂർത്തീ കരിക്കുമെന്നും അറിയിക്കുമോ? | (സി) | ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2020 ഡിസംബർ മാസം അവസാനത്തോടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**